**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4553** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നത്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടിക വർഗ വിഭാഗങ്ങൾക്കായി ആദിവാസി പുനരധിവാസ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മാത്രം പട്ടികജാതി പട്ടിക വർഗ വികസന വകുപ്പുകൾ മുഖേന നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട് .ഭവന രഹിതരായ പട്ടികജാതി പട്ടിക വർഗ വിഭാഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി ലൈഫ് മിഷന് തുക കൈമാറുകയാണ് നിലവിൽ വകുപ്പ് ചെയ്യുന്നത്.<br><br>ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, ഭവന പൂർത്തീകരണം എന്നിവയുടെ സ്പിൽ ഓവർ പദ്ധതികൾക്കും പഠനമുറി, സേഫ് എന്നീ പദ്ധതികൾക്കുമായി നടപ്പു സാമ്പത്തിക വർഷം 205 കോടി രൂപ പട്ടികജാതി വികസന വകുപ്പും 57.20 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പും വകയിരുത്തിയിട്ടുണ്ട്<br><br>സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്ന് അനുവദിച്ചു നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതും സ്വന്തമായി ഭവന നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിനായുള്ള പദ്ധതി പട്ടികജാതി |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കിയിരുന്നു. എന്നാൽ സാങ്കേതികമായി പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടെങ്കിലും പല വീടുകളും പൂർണ്ണതയിൽ എത്തുന്നില്ല എന്ന കണ്ടെത്തലിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം "സേഫ്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ഭവന പൂർത്തീകരണവും പുനരുദ്ധാരണവും മറ്റും ലക്ഷ്യമാക്കി ആരംഭിച്ച സേഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗകാർക്ക് രണ്ടര ലക്ഷം രൂപയും അനുവദിച്ചു വരുന്നു. വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ നീക്കി വച്ച തുകയും ചിലവഴിച്ച തുകയും സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ